9

പൊതുമണ്ഡലത്തിലെ മുസ്‌ലിംപ്രതിനിധാനങ്ങൾ

പി.പി. രജീഷ് കുമാർ

സമകാലീന കേരളത്തിലെ മുസ്‌ലിം സമൂഹം ദൃശ്യമാധ്യമരംഗത്തോട് കാണിക്കുന്ന സ്വീകാര്യത, കേവലമൊരു നിലപാടുമാറ്റമെന്നോ കാലാനുസൃതമായ പരിണാമമെന്നോ വിശേഷിപ്പിക്കുന്നത് വസ്തുതകളെ നിസ്സാരവൽക്കരിക്കുന്നതിന് തുല്യമായിരിക്കും. ഒരുകാലത്ത് ടെലിവിഷനും സിനിമയും നിഷിദ്ധമായിരുന്ന ഒരു സമുദായം ചുരുങ്ങിയ കാലത്തിന്നുള്ളിൽ ഇവക്ക് നൽകിയ സ്വീകാര്യത സമാനതകളില്ലാത്തതാണ്. ടിവിയും ഡിവിഡി പ്ലയറും മുതൽ ഹോം തിയ്യറ്ററുകൾ വരെ കേരളത്തിലെ മുസ്‌ലിം വീടുകളിൽ ഇന്ന് സർവസാധാരാണമായിരിക്കുന്നു. സമുദായതാൽപര്യങ്ങളെ മുൻനിർത്തി സ്വന്തമായി ചാനൽ തുടങ്ങുന്നതുവരെ എത്തി നിൽക്കുന്നു ഈ മാറ്റത്തിന്റെ സാധ്യതകൾ. ഇത്തരം കാതലായ മാറ്റങ്ങളുടെ കാരണങ്ങളും അവയുടെ പശ്ചാത്തലങ്ങളും പുറമെ നിന്ന് സസൂക്ഷ്മം വിലയിരുത്താനുള്ള ശ്രമമാണ് ഈ ലേഖനം.

കഴിഞ്ഞ രണ്ടുമൂന്ന് ദശകങ്ങൾക്കിടയിൽ കേരളത്തിന്റെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക പരിസരങ്ങളിൽ സംഭവിച്ച വൈവിധ്യവും എന്നാൽ പരസ്പരം കോർത്തിണക്കിയതുമായ മാറ്റങ്ങളുടെ തുടർച്ചയായി ഇത്തരം സമീപനങ്ങളെ വിലയിരുത്തുന്നത് ഗുണകരമായിരിക്കും. പാശ്ചാത്യനിയന്ത്രിതമായ സാംസ്കാരിക ആഗോളവൽക്കരണത്തെ എതിർത്ത ഇസ്‌ലാമിനെ ആഗോളതലത്തിൽ തന്നെ അപരവൽകരിക്കാനുള്ള ശ്രമങ്ങൾ ഈ കാലഘട്ടത്തിൽ വൻതോതിൽ തുടങ്ങുകയുണ്ടായി. പത്രങ്ങളും ചാനലുകളും സിനിമകളും എന്നുവേണ്ട, അക്കാദമിക് സ്ഥാപനങ്ങൾ വരെ ഈ ഉദ്യമത്തിൽ പങ്കാളികളായിത്തീർന്നു. ഇതിന്റെ ഭാഗമായി കേരളത്തിലും മുസ്‌ലിം സമുദായത്തിന്റെ അസ്തിത്വം, സ്വീകാര്യത, സംഭാവനകൾ എന്നിവ ചോദ്യം ചെയ്യപ്പെട്ടു.

1920-30 കളിൽ കേരളത്തിലെ രാഷ്ട്രീയ സാമൂഹിക സമവാക്യ

ങ്ങളുമായി ഇതിന് സമാനതകൾ ഏറെയായിരുന്നു. സാമ്രാജ്യത്വശ ക്തികൾക്കെതിരെ ആയുധമെടുത്ത് പോരാടിയ മുസ്‌ലിംകൾ ഒരേ സ മയം സാമ്രാജ്യത്വത്തിന്റെയും അവരുമായി സമരസപ്പെട്ട നാട്ടുരാജാക്ക ന്മാരുടെയും പ്രമാണികളുടെയും ശത്രുക്കളായി. മുസ്‌ലിംകൾ ആയുധ മെടുത്തത് നാടിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടിയല്ലെന്നും, മറിച്ച് മതത്തി ന്റെയും ഖിലാഫത്തിന്റെയും രക്ഷക്ക് വേണ്ടിയായിരുന്നുവെന്നുമുള്ള വാദ ങ്ങൾ ഉയർന്നു. മുസ്‌ലിംകൾ ദേശദ്രോഹികളായി ചിത്രീകരിക്കപ്പെട്ടു. അവർ ലഹളക്കാരും കൊള്ളക്കാരും വരത്തന്മാരുമായിത്തീർന്നു. ചിലർ നാടുകടത്തപ്പെട്ടു. മറ്റു ചിലർ സ്വയം നാടുകടത്തി.

സ്വാതന്ത്ര്യാനന്തര കാലഘട്ടവും ഇതിൽ നിന്നും വ്യത്യസ്തമായി രുന്നില്ല. വിഭജനം ഓരോ മുസ്‌ലിമിലും മുറിവുകൾ വീഴ്ത്തി. മറ്റു സമു ദായങ്ങൾക്കിടയിൽ മുസ്‌ലിംസമുദായത്തെക്കുറിച്ചുള്ള ബോധത്തിൽ പ്രകടമായ മാറ്റങ്ങളുണ്ടായി. അവർക്കിടയിൽ മുസ്‌ലിംകൾ പാകിസ്ഥാൻ വാദികളായിത്തീർന്നു. കേരളത്തിൽ മുസ്‌ലിംകളുടെ അസ്തിത്വം തുടർച്ച യായി ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരുന്നു. രാഷ്ട്രീയ സാംസ്കാരിക വിദ്യാഭ്യാസ മണ്ഡലങ്ങളിൽ അവർ ഏറെ പിറകോട്ടുപോകാൻ ഇത്തരം അപരവൽക്കരണങ്ങൾ വഴിയൊരുക്കി.

1970–80 കളിൽ ആരംഭിച്ച ഗൾഫ് കുടിയേറ്റം ഈ സാമൂഹിക പരി സരത്തിൽ കാതലായ മാറ്റങ്ങൾ വരുത്തി. ഭൂപരിഷ്കരണവും നവോ ത്ഥാന മൂല്യങ്ങളും വ്രണപ്പെടുത്തിയ ഫ്യൂഡൽ-സാമൂഹിക ഘടനയി ലേക്ക് ഗൾഫിൽ നിന്ന് സാമ്പത്തിക ഭദ്രതയോടെ തിരിച്ചെത്തിയ മുസ്‌ലിം കൾ ശക്തമായ സാന്നിധ്യം അറിയിക്കാൻ തുടങ്ങി. ക്രമേണ കേരള ത്തിന്റെ രാഷ്ട്രീയ, സാമ്പത്തിക ഭൂപടത്തിൽ ഇവർ നിർണായക ശക്തി കളായിത്തീർന്നു. മറ്റു സമുദായങ്ങൾക്ക് പ്രത്യക്ഷത്തിൽ തിരിച്ചറിയാൻ കഴിയുന്ന വിധം പ്രകടമായിരുന്നു ഈ മാറ്റങ്ങൾ.

കേരളത്തിൽ, പ്രത്യേകിച്ച് മലബാറിൽ, മുക്കിലും മൂലയിലും പുതിയ പള്ളികളും സ്രാമ്പികളും മദ്രസകളും ഉയർന്നുവന്നു. പഴയ പള്ളി കൾ പുതുക്കിപ്പണിതു. യതീംഖാനയുടെയും മതപഠനശാലകളുടെയും എണ്ണത്തിൽ ഗണ്യമായ വർധനവുണ്ടായി. കൊട്ടാരസമാനമായ വീടു കൾ ഉയർന്നു. മുന്തിയ തരം വാഹനങ്ങൾ നിരത്തുകളിലിറങ്ങി. ചിലർ അറിയപ്പെടുന്ന വ്യവസായികളായി മാറി. മറ്റു ചിലർ സാമ്പത്തിക സ്വാധീനം രാഷ്ട്രീയ സ്വാധീനത്തിനുവേണ്ടി ഉപയോഗിച്ചു. ഒരുവശത്ത് മുസ്‌ലിം മാനേജ്മെന്റ് സ്കൂളുകളും ആശുപത്രികളും ഉയർന്നുവന്നു. അഭൂതപൂർവമായിരുന്നു ഈ വളർച്ച. മുസ്‌ലിംകൾ കേരളത്തിലെ സാമ്പ ത്തിക ഘടനയുടെ അവിഭാജ്യഘടകമായിത്തീർന്നു.

വിദ്യാഭ്യാസപരമായി മുന്നേറ്റം കൈവന്ന മുസ്‌ലിംകൾ സ്വന്തം സമു ദായത്തിലെ അന്ധവിശ്വാസങ്ങൾക്കും അനീതികൾക്കുമെതിരെ ശബ്ദ മുയർത്തി. പ്രാദേശികമായി നിലനിന്നിരുന്ന പല ആഘോഷങ്ങളും അനു ഷ്ഠാനങ്ങളും മുസ്‌ലിംകളുടെ ഇടയിൽ നിന്ന് തുടച്ചുനീക്കപ്പെട്ടു. വ്യത്യസ്ത സമുദായങ്ങളെ ഉൾക്കൊള്ളുന്ന ഒരു പൊതുമണ്ഡലം

ഇതോടെ മുസ്‌ലിംസമൂഹത്തിന് നഷ്ടമായി. മുസ്‌ലിംകൾ മുസ്‌ലിംക ളിൽ മാത്രമൊതുങ്ങി. അല്ലെങ്കിൽ പുറത്തുനിന്ന് നോക്കുമ്പോൾ അങ്ങനെ തോന്നിച്ചു. വ്യവസ്ഥാപിതമായ മതത്തിന്റെ ചട്ടക്കൂടുകളിൽ മുസ്‌ലിം കൾ ഒതുങ്ങിക്കൂടുന്നതായി വിലയിരുത്തപ്പെട്ടു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെന്ന പോലെ കേരളത്തിലും വ്യവസ്ഥാപിത-പ്രാദേശിക വ്യത്യാസങ്ങളെക്കുറിച്ച് ചൂടേറിയ ചർച്ചകൾ നടന്നു. അപരവൽക്കരണ ത്തിന്റെ ചരിത്രം ഇവിടെയും ആവർത്തിക്കപ്പെട്ടു.

ഗൾഫ് നാടുകളിൽ നിന്ന് ഒഴുകിയെത്തിയ വൻതോതിലുള്ള സമ്പ ത്താണ് മുസ്‌ലിം സമുദായത്തിന്റെ ഉന്നമനത്തിന് കാരണമെന്ന് കണ്ടെ ത്തിയ അസൂയാലുക്കൾ ഈ സാമ്പത്തികസ്രോതസ്സിനെ മോശമായി ചിത്രീകരിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. നേരായ വഴികളിലൂടെയല്ല മുസ്‌ലിംകൾ ഗൾഫിൽ നിന്ന് പണം സമ്പാദിക്കുന്നതെന്ന അപവാദങ്ങ ളുയർന്നു. അവിടെയും നിന്നില്ല കാര്യങ്ങൾ. ഗൾഫ് പണം കേരളത്തിൽ തീവ്രവാദപ്രവർത്തനങ്ങൾക്കും സാമുദായിക കലാപങ്ങൾക്കും ഉപയോ ഗപ്പെടുത്തപ്പെടുന്നു എന്നുവരെ സമൂഹം വിലയിരുത്തി. കേരളസമൂഹ ത്തിൽ മുസ്‌ലിംകൾ വീണ്ടും അപരവൽക്കരിക്കപ്പെട്ടു.

ഒപ്പനപ്പാട്ടുകളും പട്ടുറുമ്മാലുകളും അരപ്പട്ടയും തലയിൽക്കെട്ടും അടയാളപ്പെടുത്തിയ മുസ്‌ലിം അസ്തിത്വത്തെ, പർദയും തൊപ്പിയും പുതിയ കാലത്തിൽ പ്രതിനിധീകരിച്ചു. അന്യന് തികച്ചും നിരുപദ്രവക രമായ 'താടി' പോലും ബിംബവൽക്കരിക്കപ്പെട്ടു. സംശയങ്ങൾ ക്രിയാ ത്മകമായ സംവാദങ്ങളിലേക്ക് മാറുന്നതിന് പകരം ഊഹാപോഹങ്ങളി ലേക്കും നിഗൂഢതകളിലേക്കും ഒതുങ്ങിത്തീർന്നു. സാമുദായികമായ ഉൾവലിയലിലൂടെ ഇതിനകം തന്നെ കേരളസമൂഹത്തിലെ പൊതുഇട ങ്ങൾ നഷ്ടപ്പെടുത്തിയ മുസ്‌ലിംകൾക്ക് ഇതിനെതിരെ പ്രതികരിക്കാൻ വേദികൾ ഇല്ലാതായി. അവർ കൂടുതൽ കൂടുതൽ സാമുദായികവൽക്ക രിക്കപ്പെട്ടു.

ഇത്തരത്തിൽ കേരളത്തിലെ മുസ്‌ലിം അസ്തിത്വം ചോദ്യം ചെയ്യ പ്പെട്ടതിന് ഒരു പരിധിവരെ മുസ്‌ലിം സമുദായവും ഉത്തരവാദികളാണ്. ആഗോളവൽക്കരണവും ഗൾഫ് കുടിയേറ്റവും സാധ്യമാക്കിയ ഒരു രാഷ്ട്രീയ സാമ്പത്തിക സാഹചര്യത്തിൽ ശക്തവും ക്രിയാത്മകവുമായ ഒരു പൊതുമണ്ഡലത്തിന്റെ ഭാഗമായിത്തീരുന്നതിന് പകരം മുസ്‌ലിംകൾ ഇത്തരം വേദികളിൽ നിന്ന് പിന്തിരിയുകയും അവ നഷ്ടപ്പെടുത്തുകയും ചെയ്തു. മുസ്‌ലിംകൾക്ക് സ്വന്തമായ ഒരു സാമൂഹ്യമണ്ഡലം അതിലു പരിയായി ഒരു സാമുദായിക മണ്ഡലം സൃഷ്ടിച്ചെടുക്കാനുള്ള തത്രപ്പാ ടിൽ മറ്റു സമുദായങ്ങൾ തങ്ങളെക്കുറിച്ച് എന്തു ചിന്തിക്കുമെന്ന് അവർ മറന്നു. ഇത് സമകാലീന കേരളത്തിലെ മുസ്‌ലിം സാമുദായിക സാംസ്കാ രിക രാഷ്ട്രീയ നേതൃത്വത്തിന് സംഭവിച്ച ചരിത്രപരമായ ഒരു തെറ്റായി വിലയിരുത്താവുന്നതാണ്.

മുസ്‌ലിം സാംസ്കാരിക നവോത്ഥാന പ്രവർത്തനങ്ങൾ പൂർണ മായും മുസ്‌ലിംകളെ ലക്ഷ്യം വെച്ചുകൊണ്ടുള്ളതായിരുന്നു. അത് അങ്ങ

നയല്ലേ പാടുള്ളൂ എന്നും മുസ്‌ലിം സാംസ്കാരിക പ്രവർത്തനങ്ങൾ പിന്നെ ഹിന്ദുക്കളെയും ക്രിസ്ത്യാനികളെയും ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണോയെന്നും വിമർശകർ ചോദിച്ചേക്കാം. പക്ഷേ, കേരളം പോലെ വൈവിധ്യമാർന്ന സംസ്കാരങ്ങൾ കൂടിച്ചേർന്ന, സാംസ്കാരിക കൈമാറ്റങ്ങൾ ഏറ്റവുമധികം നടന്നിട്ടുള്ള ഒരു സമൂഹത്തിൽ ഒരു സമുദായത്തെ മാത്രം കേന്ദ്രീകരിച്ച് നടത്തുന്ന പ്രവർത്തനങ്ങളുടെ അനന്തരഫലങ്ങൾ വിപരീതമായിത്തീരാനുള്ള സാധ്യതകൾ വളരെ വലുതാണ്.

ഓരോ വ്യക്തിയുടെയും അസ്തിത്വവും ബോധവും താൽപര്യങ്ങളും മറ്റു വ്യക്തികളുമായുള്ള അയാളുടെ ഇടപെടലുകളിലൂടെയാണ് രൂപപ്പെടുന്നത്. വ്യക്തിക്ക് സ്വന്തമായി അസ്തിത്വമോ താൽപര്യങ്ങളോ ഇല്ല എന്നതുപോലെ ഓരോ സമുദായത്തിന്റെയും അസ്തിത്വവും താൽപര്യവും രൂപപ്പെടുന്നത് അവയുടെ പരസ്പരമുള്ള ഇടപഴകലിലൂടെയാണ്. സാംസ്കാരിക സംയോജനമമെന്നും സങ്കലനമെന്നും പണ്ഡിതന്മാർ വിളിക്കുന്ന ഇത്തരം മാറ്റങ്ങളുടെ അടിസ്ഥാനം ക്രിയാത്മകമായ കൈമാറ്റങ്ങളാണ്. ഇവിടെ ഹിന്ദു മുസ്‌ലിമിനെയും മുസ്‌ലിം ഹിന്ദുവിനെയും ക്രിസ്ത്യാനിയെയും തിരിച്ചും നിരന്തരമായി തങ്ങളുടെ അസ്തിത്വത്തെക്കുറിച്ച് ബോധവൽക്കരിക്കേണ്ടതുണ്ട്.

ഇവിടെ മുസ്‌ലിംസമുദായത്തിന് സംഭവിച്ചത് മറ്റൊന്നു കൂടിയാണ്. സ്വന്തം സമുദായത്തിനകത്തെ സ്വരച്ചേർച്ചകളും സംഘർഷങ്ങളും പരിഹരിക്കാൻ മുന്നിട്ടിറങ്ങിയ മുസ്‌ലിം സാമുദായിക നായകന്മാർ മറ്റു സമുദായങ്ങളെ ഓർത്തില്ല. അവർ തങ്ങളെക്കുറിച്ച് എന്ത് ചിന്തിക്കുന്നുവെന്നും അവരുടെ ബോധത്തിലെ 'മുസ്‌ലിം' എന്താണെന്നും അന്വേഷിച്ചില്ല. ഇതോടൊപ്പം തന്നെ, ആഗോളതലത്തിൽ വന്നുചേർന്ന ചില രാഷ്ട്രീയ പരിണാമങ്ങളും സംഭവവികാസങ്ങളും ഇത്തരം അന്വേഷണങ്ങളുടെ സാധ്യതകളെത്തന്നെ പ്രശ്നവൽക്കരിച്ചു. മുസ്‌ലിം സമൂഹങ്ങൾക്കിടയിലെ വൈവിധ്യങ്ങളെ മറച്ചുനിർത്തി പകരം സമാനതകളെ പെരുപ്പിച്ചുകാട്ടി മുസ്‌ലിംകൾ ഒരൊറ്റ ജനതയാണെന്നും മറ്റു സംസ്കാരങ്ങളുടെ ശത്രുവാണെന്നും സ്ഥാപിച്ചെടുക്കാനുള്ള നീക്കങ്ങൾ ശക്തിപ്പെട്ടു. പ്രാദേശികതലത്തിൽ മുസ്‌ലിം സാമൂഹിക സാംസ്കാരിക പരിസരങ്ങളിലുണ്ടായ സ്വാഭാവികമായ മാറ്റങ്ങളെപ്പോലും ഇതിന്റെ ഭാഗമായി കൂട്ടിവായിക്കപ്പെട്ടു. കേരളത്തിലും ഇത്തരം ചർച്ചകൾ ഉടലെടുത്തു. മലയാളത്തിലെ പ്രധാന പത്രമാധ്യമങ്ങളും ചാനലുകളും മുസ്‌ലിംകളെ അപരന്മാരായും രണ്ടാംതരക്കാരായും ചിത്രീകരിച്ചു. ആഗോള മുസ്‌ലിം സമൂഹവുമായി കേരളത്തിലെ മുസ്‌ലിംകൾ അടുത്തുകൊണ്ടിരിക്കുകയാണ് എന്നതിനുള്ള തെളിവുകളായി മൺമറഞ്ഞുപോയ നേർച്ചകളും ആചാരാനുഷ്ഠാനങ്ങളും ഉയർത്തിക്കാണിക്കപ്പെട്ടു. തികച്ചും ബിസിനസ് താൽപര്യത്തോടെ കേരളത്തിലേക്ക് ഇറക്കുമതി ചെയ്യപ്പെട്ട പർദയും നിരുപദ്രവകരമായ നീട്ടിവളർത്തിയ താടിയും ഇതിന് നിമിത്തങ്ങളായി. അഫ്ഗാനിസ്ഥാനിലെയും പാകിസ്ഥാനിലെയും ഒറ്റപ്പെട്ട സംഭവങ്ങൾ പത്രങ്ങളും ചാനലുകളും ഊതിപ്പെരുപ്പിച്ച് ഓരോ മുസ്‌ലിം വ്യക്തിയു

ടെയും സ്വത്വത്തിന്റെ ഭാഗമാക്കിത്തീർത്തു. ഓരോ മുസ്‌ലിമും ആത്യന്തികമായി ഇസ്‌ലാമികരാഷ്ട്രത്തിന് വേണ്ടി വാദിക്കുന്നവനാ/ളാണെന്ന് സ്വയം വിലയിരുത്തി ദൃശ്യമാധ്യമങ്ങൾ ജിന്നയെയും ബിൻലാദനെയും, അവരുടെ മേൽ ആരോപിക്കപ്പെട്ട കുറ്റങ്ങളെയും ദൈനംദിനം പുനർജ നിപ്പിച്ചു.

ലൗജിഹാദും എൻ.ഡി.എഫും മഅ്ദനിയും കേരളത്തിലെ മുസ്‌ലിംയുവാക്കളുടെ മേലുള്ള തീവ്രവാദ ആരോപണങ്ങളും കേരള സമൂഹം ഒന്നടങ്കം ചർച്ച നടത്തി. നിഷ്കളങ്കനായ ഓരോ മുസ്‌ലിമിന്റെ മേലും കളങ്കം ആരോപിക്കപ്പെട്ടു. അയൽക്കാർ അവരുടെ വീടുകളിലേക്ക് ചെവിയോർത്തു: 'വരത്തന്മാർ നമ്മുടെ നാട് കുട്ടിച്ചോറാക്കാനുള്ള എന്തെങ്കിലും രഹസ്യങ്ങൾ സൂക്ഷിക്കുന്നുണ്ടോ?' മലയാളികൾക്ക് മലപ്പുറം 'താലിബാനാ'യി മാറി. തന്റെ മുസ്‌ലിം അയൽക്കാരിൽ ബിൻലാദനെയും മുല്ലാ ഉമറിനെയും അവർ കണ്ടു. അത്തരം വേളകളിൽ മുസ്‌ലിംകളെ കൊന്നൊടുക്കിയ ജോർജ് ബുഷിനെ അവർ സൗകര്യപൂർവം മറന്നു.

ഇങ്ങനെയൊക്കെയായിരുന്നുവെങ്കിലും, ആഗോളവൽക്കരണത്തിന്റെ ഭാഗമായി വന്ന സാങ്കേതിക വിപ്ലവത്തിന്റെ ക്രിയാത്മകമായ നേട്ടങ്ങളെ ഉപയോഗിക്കുന്നതിൽ മുസ്‌ലിം സമുദായം ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്. കാസറ്റുകളിൽ നിന്ന് സിഡിയിലേക്കും പിന്നീട് ഡിവിഡിയിലേക്കുമുള്ള മതപ്രഭാഷണങ്ങളുടെ ചുവടുമാറ്റം മുതൽ മുസ്‌ലിം സമുദായത്തെ പ്രതിനിധീകരിച്ചുകൊണ്ടുള്ള ഹോം സിനിമകളും ആൽബങ്ങളും, എന്തിനേറെ വിശ്വാസിയുടെ സംശയങ്ങൾക്ക് വീഡിയോ കോൺഫറൻസ് വഴി മറുപടി പറയുന്ന ഖുർആൻ പഠന ക്ലാസുകൾ വരെ ഇതിനുദാഹരണങ്ങളാണ്.

ഇങ്ങനെ, ആഗോളവൽകരണവും ഗൾഫ് കുടിയേറ്റവും സാധ്യമാക്കിയ ഒരു രാഷ്ട്രീയ സാമ്പത്തിക പരിസരത്തിൽ തങ്ങളുടെ ചോദ്യം ചെയ്യപ്പെട്ട അസ്തിത്വം തിരിച്ചുപിടിക്കാനും ഇത്തരം പ്രവണതകളെ ഭാവിയിൽ മറികടക്കാനുമുള്ള മുസ്‌ലിം സമുദായത്തിന്റെ ബോധപൂർവമായ ചിന്തയുടെ ഫലമാണ് ദൃശ്യമാധ്യമരംഗത്തെ മുസ്‌ലിംകൾക്കിടയിൽ സ്വീകാര്യമാക്കിയതെന്ന് കണ്ടെത്താൻ കഴിയും. തങ്ങളുടെ രാഷ്ട്രീയ സാമ്പത്തിക മൂലധനം കേരളത്തിന്റെ സാംസ്കാരിക മണ്ഡലത്തിലേക്ക് ഒന്നുകൂടി വ്യാപിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ മാറ്റം. മാധ്യമങ്ങൾ വെറും സാമ്പത്തിക ഉൽപാദനത്തിന് മാത്രമുള്ള ഉപാധിയല്ലെന്നും മനുഷ്യമനസ്സിനെയും അവന്റെ/അവളുടെ സാമൂഹിക സാംസ്കാരിക ബോധത്തെയും നിയന്ത്രിക്കുന്ന തരത്തിലുള്ള ഒരു 'സാംസ്കാരിക മൂലധന' ഉപാധി കൂടിയാണെന്നുമുള്ള തിരിച്ചറിവ് കൂടിയാണിത്.

തികച്ചും ക്രിയാത്മകമായ ഇത്തരം മാറ്റങ്ങൾ ഉൾക്കൊള്ളാനും ഇതിന്റെ ആവശ്യകതകളെക്കുറിച്ച് സ്വസമുദായത്തെ ബോധ്യപ്പെടുത്താനും ശ്രമിക്കുമ്പോൾ തന്നെ, മറ്റു സമുദായങ്ങളെക്കുറിച്ചുള്ള ബോധവും, അവർ ഇത്തരം മാറ്റങ്ങളെ എങ്ങനെ നോക്കിക്കാണുന്നു എന്നും ഇതിൽ നിന്ന് എന്ത് പ്രതീക്ഷിക്കുന്നു എന്നുമുള്ള തിരിച്ചറിവും

അബോധമനസ്സിലെങ്കിലും സൂക്ഷിക്കുന്നത് ഈ മാറ്റത്തിന്റെ അനിവാര്യമായ വിജയത്തിന് സഹായകരമായിരിക്കും. സാമൂഹികമായ ഉൾവലിയലിലൂടെ ഒരിക്കൽ മുസ്‌ലിം സമൂഹം നഷ്ടപ്പെടുത്തിയ പൊതുമണ്ഡലം തിരിച്ചുപിടിക്കാനുള്ള ഒരു ഉദ്യമവും അതിനുള്ള ഒരിടവും അവസരവുമായി പുതിയ കാൽവെപ്പുകളെ മാറ്റേണ്ടതുണ്ട്.